For Private Circulation Only

January 2022

ആഗമനകാലം

Vol.69

" അപ്പോൾ അവൻ എനിക്കു അയ്യോ കഷ്ടം; ഞാൻ .....എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ " (യെശ.6:5)

No.1

ദൈവവുമായിട്ടുള്ള ഒരു കൂടിക്കാഴ്ച

By Henry Blackby

നമ്മൾ ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ, അവൻ പെട്ടെന്നുള്ള മാറ്റങ്ങൾ നമ്മുടെ ജീവിതത്തിൽ നടത്തുന്നു. തിരുവചനത്തിൽ കൂടി നമ്മൾ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. അതേ സമയം നമ്മൾ വാസ്തവത്തിൽ അറിയുന്നില്ല. കർത്താവ് തന്നെയാണ് നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പ്രാഥമിക ലക്ഷ്യം തന്നേ ദൈവഭവനത്തിൽ നമ്മൾ പ്രവേശിക്കുന്നത് കർത്താവുമായിട്ടു ഒരു അഭിമുഖം നടത്തുവാൻ ആണ്. നമ്മൾക്ക് പറയുവാൻ കഴിയും നമ്മൾ ദൈവസാന്നിധ്യത്തിന്റെ മുൻപിലാണ് ആയിരിക്കുന്നതെന്ന്, പക്ഷേ അവിടെ പറയത്തക്ക യാതൊരു മാറ്റങ്ങളും വെളിപ്പെടുന്നില്ല നമ്മൾ ദൈവസന്നിധിയിലാണ് എന്നുള്ളതിൽ കൂടി.

ദൈവവുമായിട്ടുള്ള താങ്കളുടെ അഭിമുഖത്തിൽ കർത്താവാണ് അവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത്. ഒരിക്കലും താങ്കൾ അല്ല. ഇത് ഒരു വേദവചനത്തിൽ കൂടിയാണ്. വളരെ പെട്ടെന്ന് ദൈവാത്മാവ് ദൈവവചനം എടുത്തിട്ട് അതിൽ കൂടി നമ്മളോടു ഇടപെടുകയാണ്. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രാ. 4:12). ഇതു വെളിപ്പെടുത്തുന്നത്, താങ്കൾ മുഴുവനായിട്ട് ദൈവസന്നധിയിലാണെന്ന് ദൈവം താങ്കളോട് അഭിമുഖം നടത്തുമ്പോൾ, തീർച്ചയായിട്ടും താങ്കൾ അറിയു ജീവിതത്തിന്റെ സമസ്ത മേഖലകളേയും കർത്താവ് അറിയുന്നു എന്നും വലിയ മാറ്റങ്ങൾ സംഭവിക്കുന്നുവെന്നും.

യെശയ്യാവിന്റെ ദൈവവുമായിട്ടുള്ള അഭിമുഖം

യെശയ്യാവ് പ്രവചനം ആറാം അധ്യായങ്ങളിൽ നമ്മൾ കാണുന്നു കർത്താവ്, യെശയ്യാവുമായിട്ട് ഒരു അഭിമുഖം നടത്തുന്നതായിട്ട്. യെശയ്യാവിന്റെ പ്രശ്നം എന്തായിരുന്നുവെന്ന് വ്യക്തമായിട്ട് കർത്താവ് അറിഞ്ഞിരുന്നു. അതുകൊണ്ട് കർത്താവ് അവന്റെ അവസ്ഥ/ ആവശ്യത്തിനു മുൻതൂക്കം കൊടുത്താണ് ഇവിടെ കാര്യങ്ങൾ പ്രവർത്തിക്കുന്നത്. പെട്ടെന്ന്, യെശയ്യാവ് ദൈവത്തിന്റെ അതിവിശുദ്ധമായ സാന്നിദ്ധ്യത്താൽ നിറയപ്പെടുകയും ചെയ്തു. ചില പ്രിയപ്പെട്ടവർ അതിവിശുദ്ധനായ ദൈവസാന്നിദ്ധ്യത്തിലാണെന്ന് പറയുന്നു, നമ്മൾ അവിടുത്തെ അതിവിശുദ്ധിയെ മഹത്വീകരിച്ച് സ്തുതിഗീതങ്ങൾ പാടുന്നു എന്നിട്ടും യാതൊരുതരത്തിലും അതിവിശുദ്ധനായ ദൈവസാന്നിദ്ധ്യം നമ്മൾ അനുഭവിച്ചറിയുന്നില്ല. നമ്മൾ അതിപരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലാണെന്ന് പറയുന്നുവെങ്കിൽ യെശയ്യാവ് പ്രവാചകൻ പ്രതികരിച്ചതു പോലെ നമ്മളും പ്രതികരിക്കേണ്ടിയിരിക്കുന്നു. "അപ്പോൾ ഞാൻ എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു: ഞൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു " (യെശ. 6:5).

അതിപരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യം താങ്കളുടെ ജീവിതത്തിൽ എല്ലായ്പ്പോഴും ദൈവവുമായിട്ടുള്ള താങ്കളുടെ അഭിമുഖത്തിൽ/ കൂടിക്കാഴ്ചയിൽ വേളയിൽ, താങ്കൾ വളരെ ആഴമേറിയ സമർപ്പണത്തിൽ ആയിരിക്കണമെന്നുള്ള ഒരു അവിശ്വാസത്തെയാണ് കർത്താവ് പ്രതീക്ഷിക്കുന്നത്. കർത്താവ് യെശയ്യാവിനോടു സംസാരിക്കുമ്പോൾ അവന്റെ അധരത്തോടുള്ള ബന്ധത്തിലാണ് സംസാരിക്കുന്നത്. കർത്താവിന്റെ അൾത്താരയിൽ നിന്നു പുറപ്പെട്ടു താങ്കളുടെ അടുക്കലേയ്ക്കു വരുന്നു ദൈവപ്രവൃത്തി. ജീവിതം മുഴുവനായിട്ട് ഒരു പരിണാമത്തിലേയ്ക്ക് നയിക്കുന്നു. ആധന്യമായ നിമിഷങ്ങളിൽ സാറാഫുകളിൽ ഒരുത്തൻ തീക്കനൽ എടുത്തു അവന്റെ വായ്ക്കു തൊടുവിച്ചു, പെട്ടെന്ന് അത്ഭുതകരമായ മാറ്റങ്ങൾ സംഭവിക്കുന്നു. അവന്റെ അധരങ്ങളെ കർത്താവ് തൊട്ടതിനാൽ, അകൃത്യം നീങ്ങി പാപത്തിനു പരിഹാരം വന്നു, അവന്റെ ചെവികൾ തുറക്കപ്പെടും. അതുകൊണ്ട് കർത്താവിന്റെ സന്നിധിയിൽ നിന്നു കേട്ടത് വളരെ ശ്രദ്ധയോട് അവൻ ഗ്രഹിച്ചു. ദൈവം അവന്റെ ചെവികളെ അല്ല തൊട്ടത്, അധരങ്ങളെയാണ് തൊട്ടത്. കർത്താവ് ഇങ്ങനെ സംസാരിച്ച് കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ യെശയ്യാവ് ആദ്യമായാണ് കർത്താവ് തന്നോട് സംസാരിക്കുന്നതായിട്ട് കേൾക്കുന്നത്, " അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്ക് വേണ്ടി പോകും? " (യെശ. 6:8). ദൈവം യെശയ്യാവിനെ കണ്ട് മുട്ടിയപ്പോൾ പെട്ടെന്നുള്ള മാറ്റങ്ങൾ മുഖാന്തരം യെശയ്യാവ് പ്രവാചകൻ ദൈവത്തോടു പെട്ടെന്നും ആശ്ചര്യകരമായ വിധത്തിൽ പ്രതികരിക്കുന്നു. " അടിയൻ ഇതാ അടിയനെ അയക്കേണമേ" (വാക്യം 8). ആ ദൈവം തന്നേ യെശയ്യാവിനോടെ സംസാരിച്ച ദൈവം തന്നേ, ഇന്ന് താങ്കളോടും സംസാരിക്കുകയാണ്. അതെ നമ്മൾ ഓരോരുത്തരോടും കർത്താവ് വ്യക്തമായിട്ടു സംസാരിച്ച് കൊണ്ടിരിക്കുകയാണ്.

നമ്മുടെ രാജ്യത്തിനായിട്ടു പ്രാർത്ഥിക്കാം

നമ്മൾ എന്തു ചെയ്താലും,

(ശേഷം 4-ാംപേജിൽ)

ദൈവത്തോടു കൂടെ പ്രഭാതം

By Andrew Murray

എത്രയോ അനുഗ്രഹമാണ് കൃപാലുവായ കർത്താവിന്റെ പാദപീഠത്തിൽ ഓരോ പ്രഭാതവും നമ്മൾ വന്ന് ചേർന്നിട്ട് അവിടത്തോട് പ്രാർത്ഥിച്ചിട്ട് ദിവസങ്ങൾ തുടങ്ങുന്നതു, പ്രഭാത പ്രാർത്ഥനയിൽ കൂടി നമ്മൾ കർത്താവിന്റെ അനുഗ്രഹാശീർവാദങ്ങൾ സ്വീകരിച്ചവരായിട്ട് പോകുവാനും അന്ന് സംഭവിച്ചേക്കാവുന്ന നമ്മുടെ എല്ലാ ഭാരങ്ങളിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നുമെല്ലാം വിടുതൽ അനുഭവിക്കപ്പെട്ടവരായിട്ട് / സ്വസ്ഥതയോടെ പ്രവർത്തിക്കുവാനം ജീവിക്കുവാനും നമ്മൾക്ക് സാധിക്കുന്നത് പറയുവാൻ പറ്റാത്ത നിലയിലുള്ളത് ഭക്തൻ കർത്താവിന്റെ സന്നിധിയിൽ നിന്നു അനുഭവിക്കുന്ന അവിടുത്തെ കൃപകൾ പ്രഭാതത്തെ ഒരു ഉടമ്പടിയിൽ ഭക്തനും ദൈവവും തമ്മിൽ ഒരുമിച്ച് കൂടിവരുകയും ആ ഉടമ്പടി കൂടുതൽ ഉറപ്പും ദൃഢതയും ഉള്ളതാക്കി തീർക്കുകയും അതിന് ശേഷം അവന്റെ കൃപ അനുഭവിക്കുന്ന ദൈവമക്കളായ നമ്മൾക്ക് വളരെ തിരക്കുള്ള ലോകത്തിൽ അല്ലെങ്കിൽ ജോലികളിൽ, നമ്മടെ ആത്മാവ് അവിടുത്തെ കരങ്ങളിൽ അധികം സുരക്ഷിതവും വിശുദ്ധവും ആയിരിക്കും എന്ന കാരണത്താലാണ് പ്രഭാതങ്ങളിൽ നമ്മൾ കർത്താവിന്റെ പാദപീഠത്തിൽ വന്ന് സന്തോഷത്തോടെ പാടുകയും സ്തുതിക്കുകയും ചെയ്യുന്നത്. ഓരോ പ്രഭാതവും ദൈവ സന്നിധിയിൽ നിന്ന് പുതുക്കം പ്രാപിച്ച് ശക്തിയുള്ളവനായി യേശുവിന്റെ സന്നിധിയിൽ അധികം സമർപ്പിക്കപ്പെട്ടവരായിട്ട് വിശ്വാസത്തിൽ മുന്നേറുവാൻ കൃപ നൽകുന്നു. അനുസരണത്തിൽ കൂടി മാത്രമല്ല നമ്മുടെ ജാഗ്രതയക്കു ഉന്മേഷം സംഭവിക്കുന്നത്, പ്രത്യുത ശക്തിയിൽ നിന്നു ശക്തിയിലേക്കു നാൾതോറും നയിക്കപ്പെടുമ്പോഴാണ്.

പ്രോത്സാഹമായ തത്വങ്ങൾ

ഈ പ്രഭാത പ്രാർത്ഥനകൾ കേവലം നമ്മുടെ ദിനചര്യകളിലെ ഒരു കർത്ത്യവ്യം ആയിട്ടോ ഒരു ചുമതലയായിട്ടോ ഒരിക്കലും അതിനെ കാണരുത്. നമ്മൾ വിശ്വസിക്കുന്ന മതത്തിന്റെ ഒരു ഭാഗമായിട്ടും അതിനെ കാണരുത്. അങ്ങനെ അതു ഒരു ഭാരമായിട്ട് വേഗത്തിൽ മാറ്റപ്പെടും. എന്നാൽ അതിൽ എല്ലാം ഉപരിയായിട്ട് ഈ പ്രഭാത പ്രാർത്ഥനകളെ നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്തോഷം ആയിട്ടും, സുരക്ഷിതത്വം ആയിട്ടു നമ്മൾ ഇതിനെ കാണുന്നുവെങ്കിൽ തീർച്ചയായിട്ടും അത് നമ്മുടെ മുഖസന്തോഷമായിട്ട് തീരും. ദൈവവുമായിട്ടുള്ള കൂട്ടായ്മ മാത്രമാണ് എന്നും പര്യാപ്തമായിട്ട് തീരുന്നതും എന്നും നിലനിൽക്കുന്നതുമായ സന്തോഷം.

ഇതുകൊണ്ടാണ് നമ്മൾ കർത്താവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ കൂടിയാണ് നമ്മൾ പ്രത്യാശ വെച്ചിരിക്കുന്ന നിത്യതയിൽ വസിക്കുവാനും സാധിക്കുന്നത്. ഇത് ഒന്നിൽ കൂടി മാത്രമേ അനുഗ്രഹിക്കപ്പെട്ടതും, സത്യവും ആയ ഒരു ജീവിതത്തിന് നമ്മെ യോഗ്യത ഉള്ളവരാക്കി തീർക്കുന്നതും , അത് ഒരു പക്ഷേ നമ്മൾ വസിക്കുന്ന ഈ ഭൂമിയിൽ വച്ചായിരിക്കാം, അല്ലെങ്കിൽ പിന്നീട് ആവാം. നമ്മൾ ദൈവത്തിൽ കൂടുതൽ ആകണമെങ്കിൽ, നമ്മൾ അവനെ കുറിച്ച് കൂടുതൽ അറിവുള്ളവരായിരിക്കണം, അവനുമായിട്ടുള്ള കൂട്ടായ്മകളിൽകൂടി നമ്മൾ അധികമായിട്ട് സ്നേഹവും, ശക്തിയും സ്വീകരിക്കുന്നവരായിത്തീരണം ഇതിനായിട്ടാണ് അവൻ നമ്മളെ

(ശേഷം 6-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തി സ്നേഹ വന്ദനം. '' യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവർക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും. നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടുനടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും (യെശ. 66:12).

ആണ്ടിന്റെ ആരംഭം മുതൽ അവസാനംവരെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും നിന്റെമേൽ ഇരിക്കുന്നു (ആവർത്തനം 11:23)

ഡിസംബർ മാസം നമ്മെ വിട്ട് കടന്നുപോയി. 2022 ജനുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. 2021-ൽ അനേകർ ഈ ലോകത്ത് നിന്ന് മാറ്റപ്പെട്ടു. ദൈവം നമ്മെ ഓരോരുത്തരെയും അത്ഭുതകരമായി അതിശയകരമായി കാതാതു സൂക്ഷിച്ചതിനായി നന്ദിപറയാം.

2022-ൽ ദൈവത്തിന്റെ അത്ഭുത സാന്നിദ്ധ്യം നമ്മുടെ ദൈനംദിന ജീവിതത്തിൽ അനുഭവവേദ്യമാകുവാൻ കഴിയണം. ഇരുളടഞ്ഞ ജീവിതത്തെ പ്രകാശപൂരിതമാക്കുവാൻ ദൈവവുമായി കൂടുതൽ ബന്ധം പുലർത്തണം. ആ ബന്ധം നമ്മെ മാത്രമല്ല. മറ്റുള്ളവരെയും ധന്യരാക്കുന്നു. ദുഷ്ടൻ ഒരുക്കുന്ന കെണിയിൽ നാം വീഴരുത്.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും ജീവിക്കാം. ദൈവം സകല ഹൃദയങ്ങളെയും ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തർക്കും കൃപ ധാരാളമായി നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ജീവിതം വളരട്ടെ

By Ruth Paxson (1889 - 1949)

" എന്നാൽ മൂടുപടം നീങ്ങി യ മുഖത്ത കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2കൊരി. 3:18).

ശരിയായ ക്രിസ്തീയ ജീവിതത്തിന്റെ സ്ഥാനസ്ഥമായ ഒരു അവസ്ഥ ഇല്ലെന്നുള്ളതാണ് സത്യം. സ്വർഗ്ഗത്തിലേയ്ക്കു നോക്കുന്ന മുഖവും മൂടുപടം നീങ്ങിയ മുഖവും തീർച്ചയായിട്ടു ദൈവത്തിന്റെ മഹത്വത്തെയാണ് പ്രതിബിംബിപ്പെടുത്തുന്നത്. അവനെകുറിച്ച് ആഴമേറിയ ഒരു ജ്ഞാനമേറിയ ഒരു കൂട്ടായ്മ സംജാതമാകുന്നതിൽ കൂടി നാം എല്ലാവരും വളർന്ന് അവനെപ്പോലെ ആയിതീരുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

സെൻട്രൽ ചൈനയിലെ യാങ്സ് നദിയുടെ മുകളിൽ കൂടി ഒരു അവസരത്തിൽ ഞാൻ യാത്ര ചെയ്യുകയായിരുന്നു. വളരെ ശക്തമായ ഒരു മഴ കാറ്റ് ഉണ്ടാകുകയും കറുത്ത കാർമേഘങ്ങളാൽ ഇരുണ്ടുകൂടി കിടന്നിരുന്ന അന്തരീക്ഷം മാറുകയും സൂര്യൻ നല്ല രീതിയിൽ പ്രകാശിക്കുകയും ചെയ്തു. ഞാൻ വളരെ വിഷാദനായി എന്റെ ഉള്ളിൽ തീരുകയും കർത്താവിന്റെ ഒരു സന്ദേശം എനിക്കായിട്ട് കാത്തിരിക്കുവാനായിട്ടു എനിക്ക് അനുഭവപ്പെടുകയും ചെയ്തു. യാങ്സ് നദിയിലെ വെള്ളം മുഴുവൻ ഭയങ്കര കാറ്റിന്റ് ശക്തിയാൽ ചെളിയുള്ളതായിത്തീർന്നു. വെള്ളം കലങ്ങി അതിന്റെ യഥാർത്ഥ നിറം മാറുകയും ചെയ്തു. എന്നാൽ റെയ്ൽ പാളത്തിൽ കൂടി ഞാൻ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ, ഞാൻ നോക്കിയപ്പോൾ, ഞാൻ യാതൊരു വ്യത്തികേടും അവിടെ കണ്ടില്ല. മഞ്ഞ നിറമുള്ള വെള്ളം ആകാശത്തെ നീലയും വെള്ളയും നിറങ്ങൾ എത്ര മനോഹരമായിട്ട് ആയിരിക്കുന്നു. എനിക്ക് ഇതു കണ്ടപ്പോൾ എന്റെ കണ്ണുകൾക്ക് വിശ്വസിക്കുവാനായില്ല. കാരണം മുകളിലേക്ക് നോക്കേണ്ടതിന് പകരം ഞാൻ മുമ്പ് നോക്കിയത് താഴേയ്ക്കാണ്. പെട്ടെന്ന് പരിശുദ്ധാത്മാവ് എന്നെ 2കൊരി. 3:18-ലേക്ക് നയിച്ചു. എന്റെ ഉള്ളിനോട് ഇങ്ങനെ പറഞ്ഞു. നീ നിന്നിൽ യാങ്സ് നദിയിലെ വെള്ളം പോലെ ഒട്ടും ആകർഷണത്വം ഇല്ലാത്തവനാണ്. എങ്കിലും നിന്റെ മുഴു ഭാവവും വ്യക്തിത്വങ്ങളും ദൈവത്തിങ്കലേക്കു തിരിയുമ്പോൾ നിന്റെ ജീവിതം അവനിലേക്ക് തുറക്കപ്പെടുകയും അങ്ങനെ കർത്താവിന്റെ മഹത്വം നിന്നിൽ പ്രശോഭിക്കുകയും ചെയ്യും. നീ അങ്ങനെ അവനെപ്പോലെ ആയിതീരുകയും ചെയ്യും. അപ്പോൾ മറ്റുള്ളവർ നിന്നിൽ നിന്നെയല്ല കാണുന്നത്, ക്രിസ്തുവിനെയത്രെ അവർ കാണുന്നത്. ഓ, സുഹൃത്തുക്കളെ, നിങ്ങളും ഞാനും കർത്താവിനെ പ്രതിബംബപ്പെടുത്തുന്ന ഒരു കണ്ണാടിയാണോ?

എന്നാൽ ക്രിസ്തുവിനെപ്പോലെ ആകുക എന്ന പ്രവർത്തനത്തിൽ ഒരു വളർച്ച ഉണ്ടായിരിക്കണം. ഇത് മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്കാണ്. ആത്മീക സ്വഭാവം എന്നുള്ളത്. അത് വളർന്ന് വളർന്ന് കൂടുതൽ ആത്മീകതയിൽ കൂടുതൽ ബലം/ പുഷ്ടി പ്രാപിക്കുന്നു. "എന്നിൽ കായ്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കികളയുന്നു. കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെളിപ്പാക്കുന്നു. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളെര ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയുകയില്ല " (യോഹ. 15:2,5).

ഫലം, ഫലം എന്നില്ല അധികം ഫലം കൂടുതൽ ഫലം. ഈ പദപ്രയോഗം മൂടുപടം നീക്കാതിരുന്നതിനു മുമ്പുള്ള കാലത്തെ സൂചിപ്പിക്കുന്നവനല്ല, ക്രിസ്തുവിൽ ആയതിന് ശേഷം അവന്റെ ശക്തിയാൽ ക്രിസ്തുവിനെപോലെ ആകുക ഓരോ മുന്തിരിവള്ളിയുടെ ശാഖകളിലും മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് എന്ന ഒരു നല്ല വളർച്ച കാണിക്കേണ്ടതല്ലേ? ദൈവം ഇത് നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നില്ലേ? ഈ പദപ്രയോഗങ്ങൾക്ക് എല്ലാം വളരെ വിശദീകരണം ഉള്ളതാണ്. നിങ്ങൾ ഇതിൽ ഏതിലാണ് ഉൾപ്പെട്ടിരിക്കുന്നത്? അധികം ഫലം ഇതു മാത്രമാണ് പിതാവിനു മഹത്വം കൊടുക്കുന്നത്. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ

(ശേഷം 8-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(1-ാംപേജിന്റെ തുടർച്ച)

ദൈവവുമായിട്ടുള്ള ഒരു കൂടിക്കാഴ്ച

എന്തൊക്കെ ചെയ്തില്ലാ എങ്കിലും ഇതെല്ലാം നമ്മുടെ രാജ്യത്തിൽ വെളിപ്പെടും. നമ്മുടെ രാജ്യം വളരെ ഭയാനകമായ അവസ്ഥയിൽ ഇന്ന് ആയിരിക്കുന്നത്, നൂറ് കണക്കിന് ഉള്ള നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നത് രാജ്യം ഓരോ ദിവസം കഴിയുന്തോറും താഴോട്ട് താഴോട്ട് പൊയ്ക്കൊണ്ടിരിക്കുക എന്നതാണ്. ഇവിടെ ചോദ്യം വരുന്നു. എന്തു തരത്തിലുള്ള പ്രാർത്ഥനയാണ് നമ്മൾ നടത്തികൊണ്ടിരുന്നത്, യാതൊരു മാറ്റങ്ങളും രാജ്യത്തിൽ വരുത്തിയിട്ടില്ലാത്ത പ്രാർത്ഥന, എന്തായിരുന്നു? ഇന്നത്തെ നിലയിൽ ഈ രാജ്യം ആയി തീർന്നത് എന്തുകൊണ്ടാണ്? സ്വർഗ്ഗം തുറന്ന് പ്രാർത്ഥനയ്ക്ക് മറുപടി നല്കി തരുമെന്നു പറഞ്ഞ കർത്താവിന്റെ വചനങ്ങൾ അറിയാവുന്ന നമ്മുടെ പ്രാർത്ഥനയ്ക്കു ഇപ്പോൾ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുവാൻ കാരണം? ഒരു വ്യക്തിയുടെ തീവ്രമായ ആഗ്രഹത്തോടെയും അഭിവാഞ്ചയോടുകൂടിയ പ്രാർത്ഥന തീർച്ചയായിട്ടും ഒരു രാജ്യത്തെ മാറ്റത്തിലേയ്ക്കു നയിക്കുന്നതായിരിക്കും. പ്രാർത്ഥനാ വീരന്മാർ ആണ് നമ്മൾ എന്നു പറയുന്നുവെങ്കിൽ, എന്തുകൊണ്ട് നമ്മുടെ രാജ്യത്തെ മാറ്റത്തിലേയ്ക്കു നയിക്കുന്നില്ലേ?

നമ്മൾ അധികം പ്രാർത്ഥിക്കുന്നതിൽ അല്ല, പ്രത്യുത ഗുണനിലവാരത്തോടുകൂടിയ ഒരു വ്യത്യസ്തമായ ദൈവുമായിട്ടുള്ള ബന്ധങ്ങളാണ് ആവശ്യമായിരിക്കുന്നത്. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, താങ്കൾ തയ്യാറാണോ കർത്താവ് താങ്കളുടെ പ്രാർത്ഥന ഗുണനിലവാരത്തോടുകൂടിയ ദൈവവുമായിട്ട് ഒരു നല്ല ബന്ധത്തിൽ ഉള്ള പ്രാർത്ഥനയ്ക്കായിട്ട് ? താങ്കൾ ആഗ്രഹിക്കുന്നുവോ ദൈവസന്നധിയിൽ ഞാൻ ഒരു പ്രത്യേകത ഉള്ള മനുഷ്യനായിട്ട്, അവന്റെ മുമ്പിൽ എന്റെ പ്രാർത്ഥന ആയിതീരുവാൻ, കർത്താവ് എന്നോടു പറയുന്നതുപോലെയുള്ള യോഗ്യത ഉള്ള ഒലു നല്ല ബന്ധം ഞാൻ ദൈവമുമ്പാകെ കാത്തു പാലിക്കേണ്ടവനാണെന്നു ഉള്ള ബോധ്യത്തോടു പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് രാജ്യങ്ങളിൽ വലിയ മാറ്റങ്ങൾ സംഭവിപ്പിക്കും. നമ്മൾ നമ്മുടെ വ്യക്തിപരമായ ജീവതത്തെ ഒന്നു പരിശോധിക്കണം, നമ്മുടെ ഒരു നടപ്പ് ദൈവമുമ്പാകെയുള്ളത് എപ്രകാരമാണ്.? നമ്മുടെ പ്രാർത്ഥന ജീവിതം എങ്ങനെയുള്ളതാണ്? നമ്മുടെ ജീവിതത്തിൽ ഏതെല്ലാം മേഖലകളിൽ മാറ്റങ്ങൾ / വ്യത്യാസങ്ങൾ സംഭവിക്കണം ആ മേഖലകളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനു പ്രവർത്തിക്കുവാൻ സമയം കൊടുക്കുക.

മോശെയുടെ പ്രാർത്ഥനാ ജീവിതം

എന്നോട് ചേർന്ന് നിങ്ങൾ നോക്കുക മോശെയുടെ പ്രാർത്ഥന ആ കുറ്റി കാട്ടിൽ സംഭവിച്ചത്. ദൈവം മോശെ തന്റെ അടുക്കൽ വിളിച്ചിട്ട് അവനോടു പറയുകയാണ് എന്റെ ഹൃദയത്തിൽ നിന്ന് നിന്നോടു പറയുവാനുള്ള കാര്യങ്ങൾ എല്ലാം ശ്രദ്ധയോടുകൂടി കേൾക്കു എന്ന്. തീർച്ചയായിട്ടും മോശെയുടെ ഹൃദയത്തെ മാറ്റി മറിക്കുകയാണ് ദൈവവും ആയിട്ടുള്ള ആ കൂടിക്കാഴ്ച/ അഭിമുഖം. അവനെ അതു വലിയ ചിന്തകളിലേക്ക്/ വികാരങ്ങളിലേക്കു നയിച്ചു. അതുകാരണം മോശെ അടുത്ത നാല്പതു രാവും നാല്പതു പകലും കർത്തൃ സന്നിധിയിലേക്കു അടുത്തു വരുകയാണ്, പ്രാർത്ഥനയിൽ കൂടി. അവൻ ദൈവസന്നധിയിൽ നിന്നു നാല്പതു ദിനങ്ങളിൽ ശ്രവിച്ചത് ആ ദിവസങ്ങളിൽ അവൻ കഴിച്ചതോ, കുടിച്ചതോ ആയ വസ്തുക്കളിൽ നിന്നു തികച്ചും വ്യത്യസ്തമായി തീർത്തും ദൈവസന്നിധിയിൽ നിന്നു ശ്രദ്ധിച്ച് കേട്ടതു അത് അവന്റെ ആത്മാവിന്റെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതായിരുന്നു. മോശെ പാപം ചെയ്ത ജനത്തിന്റെയും ദൈവത്തിന്റെ മദ്ധ്യേ ഒരു മദ്ധ്യസ്ഥനായിട്ടു നിന്നു, അവർക്കു വേണ്ടി അവനോടും നിരന്തരം അപേക്ഷിച്ചുകൊണ്ടിരുന്നു. ജീവന്റെ പുസ്തകത്തിൽ നിന്നു തന്റെ പേര് എടുത്തു മാറ്റുവാനും അവരോടു ദയകാട്ടുവാനും പറയുന്നു. തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ മോശെയുടെ പ്രാർത്ഥന ജീവിതം ദൈവത്തിന്റെ ഹൃദയത്തിന്റെ മനോഭാവങ്ങളെ മാറ്റുന്നു.

താങ്കൾ എന്നാണ് അവസാനമായിട്ടു പ്രാർത്ഥനയ്ക്കായിട്ടു ദൈവസന്നിധിയിലേക്കു ചെന്നതു കർത്താവ് അവിടുത്തെ ഹൃദയത്തിൽ കൂടി താങ്കളുടെ ഹൃദയത്തിൽ ചില വ്യത്യാസങ്ങൾ സംഭവിച്ചത്? റോമർ 8-10 അദ്ധ്യായം 26-ാം വാക്യത്തിൽ അപ്പോസ്തലനായ പൗലൊസ് പറയുന്നത് "അവ്വണ്ണം തന്നെ ആത്മാവു നമ്മുടെ ബലഹീനതക്കു തുണ നില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു". പൗലൊസ് പറയുന്നത് എങ്ങനെ നമ്മൾ പ്രാർത്ഥിക്കേണം എന്നത് നമ്മൾക്ക് അറിയുന്നില്ല. അത് നമ്മുടെ ഒരു ബലഹീനതയാണ്. നമ്മുടെ കഴിവില്ലായ്മ അറിഞ്ഞ് കർത്താവ് കൃപയുടെ വാതിൽ നമുക്കായിട്ട് തുറന്നിട്ടിരിക്കുകയാണോ? പൗലൊസ് പറയുന്നു ദൈവം അവിടുന്ന് നമുക്കായിട്ട് പരിശുദ്ധാത്മാവിനെ ദാനം ചെയ്തിരിക്കുകയാണ്, പരിശുദ്ധാത്മാവ് വ്യക്തിമായിട്ടു അറിയുന്നു ദൈവത്തിന്റെ മനസ്സും ഹൃദയവും ദൈവത്തിന്റെ പ്രവർത്തനം എപ്രകാരം ഉള്ളതാണെന്നും, അങ്ങനെ താങ്കളെ പരിശുദ്ധാത്മാവ് നയിക്കുകയും എപ്രകാരം പ്രാർത്ഥിക്കണമെന്നുള്ള വസ്തുത നാം അറിയുകയും ചെയ്യും. മുട്ടിന്മേൽ ഇരുന്ന് എന്നാണ് അവസാനമായിട്ടു താങ്കൾ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചത്. ദൈവമുമ്പാകെ കരഞ്ഞതും കർത്താവ് എനിക്ക് അറിഞ്ഞുകൂടാ. എപ്രകാരം ഞാൻ പ്രാർത്ഥിക്കണമെന്ന്! നമ്മുടെ രാജ്യം ചിന്നഭിന്നമായിരിക്കുകയാണ്. അപ്പോൾ എങ്ങനെയാണ് എനിക്ക് പ്രാർത്ഥിക്കാതെ ഇരിക്കുവാൻ കഴിയുന്നത്? നിങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതു എന്നുള്ളത് ദൈവം നിങ്ങളുടെ ഹൃദയത്തിൽ വയ്ക്കുന്നുവെങ്കിൽ, താങ്കൾ വളരെ ആത്മഭാരത്തോടും ഉത്തരവാദിത്വ മനോഭാവത്തോടു കൂടി പ്രാർത്ഥിക്കുമോ കർത്താവ് ഉത്തരം നല്കുവോളം.

താങ്കളുടെ പ്രാർത്ഥന ജീവിതവും താങ്കളുടെ സഭയുടെ പ്രാർത്ഥന ജീവിതവും ചരിത്രത്തെ തന്നെ മാറ്റി മറിക്കുവാനും എല്ലാ ഭാഗങ്ങളിൽ നിന്നു കടന്നുവന്നേക്കാവുന്ന സകല എതിരിന്റെയും നാശത്തിന്റെയും ആയ ശത്രുവിന്റെ ശക്തിയെ തകർക്കുവാനും കഴിയും. കാരണം ഈ ദിവസങ്ങളിൽ രാജ്യത്തിനു ബലക്ഷയം വരുത്തിക്കൊണ്ടിരിക്കുകയാണ് ഈ അന്ധകാര ശക്തികൾ. നമ്മുടെ രാജ്യത്ത് ഭയാനകമായ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കുടുംബ ജീവിതം ശിഥിലീകരണം, ധാർമ്മിക അധ:പതനങ്ങൾ ഏറ്റവും ഉന്നമായ രാഷ്ട്രത്തിന്റെ മേഖലകളിൽ പോലും സംഭവിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ഇതുവരെയും നമ്മുടെ ജീവിതത്തിൽ കേട്ടിരുന്നില്ല. എന്നാൽ ഇതെല്ലാം ഇപ്പോൾ എല്ലാ തലങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ നാമത്തിൽ ആശ്ര

((ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവാകട്ടെ നമ്മുടെ ജീവിതം

യിച്ചു പ്രാർത്ഥിക്കുന്ന പ്രാർത്ഥന മനുഷ്യർ എവിടെയാണ്? കർത്താവിന്റെ ഉദ്ദേശം അവന്റെ അഭിഷിക്തന്മാർ ജീവിക്കുന്ന ഓരോ രാജ്യവും ദൈവീക പ്രവൃത്തികൾ നടക്കുന്ന രാജ്യങ്ങളാക്കി മാറ്റുവാനാണ്. തന്റെ അഭിഷിക്തൻന്മാരിൽ കൂടി. ഇപ്പോൾ ഞാൻ കണ്ട്കൊണ്ടിരിക്കുന്നത് നൂറ് കണക്കിനുള്ള പ്രാർത്ഥന സമയങ്ങളും പ്രാർത്ഥന മനുഷ്യർ എന്നു പറഞ്ഞ് ജീവിക്കുന്ന പ്രിയപ്പെട്ടവർ പ്രാർത്ഥിക്കുമ്പോൾ അവർ ദൈവത്തിൽ വിശ്വസിക്കുന്നുപോലും ഇല്ല, അവരുടെ ദൈവം പ്രാർത്ഥന കേട്ട് രാജ്യത്തിൽ പ്രവർത്തിക്കുമെന്ന്.

താങ്കൾക്ക് അറിയാമോ ദൈവജനം യഥാർത്ഥമായിട്ട് ഒരു നല്ല ബന്ധം കർത്താവുമായിട്ട് കാത്തു സൂക്ഷിക്കുന്നില്ലാ എങ്കിൽ എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്നുള്ളത്? കർത്താവിന് ക്രോധം ഉണ്ടാകുകയും ചെയ്യുന്നു, കാരണം അവൻ അറിയുന്ന തന്നോട് ഒരു നല്ല ബന്ധം കാത്തു സൂക്ഷിക്കാത്ത ജനത്തെ എന്ത് ചെയ്യണമെന്നുള്ള കാര്യം. അതുകൊണ്ട് ദൈവപുരുഷനായ മോശെ പറഞ്ഞു ഹോരേബിലും നിങ്ങൾ യഹോവയെ കോപിപ്പിച്ചു; അതുകൊണ്ട് യഹോവ നിങ്ങളെ നശിപ്പിപ്പാൻ വിചാരിക്കുംവണ്ണം നിങ്ങളോടു കോപിച്ചു (ആവ. 9:8).

താങ്കൾ ഇപ്പോൾ യിസ്രായേലിനെ നോക്കേണ്ടാ. യിസ്രായേലിന്റെ ദൈവമായ യഹോവയിങ്കലേയ്ക്കു നോക്കുവിൻ. ഒരു പക്ഷേ താങ്കൾ ഇന്ന് ഏതെങ്കിലും ആത്മീക ശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കുന്ന ഒരു നേതാവ് ആയിരിക്കാം, അല്ലെങ്കിൽ താങ്കൾ രു രക്ഷകർത്താവ് ആയിരിക്കാം, എന്തും ആകട്ടെ ഒരു കാര്യം സദാ ഓർക്കുക ദൈവജനം കർത്താവിനെ കോപിപ്പിച്ചാൽ കർത്താവ് അവരെ നാശത്തിലേയ്ക്ക് നടത്തും. നമ്മൾ ചരിത്രത്തിൽ ഉടനീളം കാണുന്നത് ഇതു തന്നേയാണ്. അത് ഇന്ന് ഇവിടെയും സംഭവിക്കുന്നു! സർവ്വശക്തന്റെ കരങ്ങൾക്ക് മാത്രമേ അതു തടയുവാൻ കഴിയുകയുള്ളൂ.

ദൈവം മോശെയോടും പറഞ്ഞു. നിന്റെ ജനത്തിന്റെ പാപം മുഖാന്തരം ഞാൻ അവരെ നശിപ്പിക്കുവാൻ പോകുകയാണ്, ഇത് മോശെയിൽ വീണ്ടും ഒരു പുതിയ ആരംഭം സൃഷ്ടിക്കുന്നു. താങ്കൾ ഇപ്പോൾ യഹോവയായ ദൈവത്തോട് കൂടെ ആ പർവ്വതത്തിൽ ആയിരിക്കുമ്പോൾ കർത്താവ് ഇങ്ങനെ പറയുന്നുവെങ്കിൽ എന്തായിരിക്കും മനോഭാവം? ഇതു താങ്കളുടെ പ്രാർത്ഥന ജീവിതത്തിന്റെ കാൽചുവടുകൾ എപ്രകാരം ഉള്ളതാണെന്നുമുള്ളതിനെ ആശ്രയിച്ചിരിക്കുന്നു. താങ്കൾക്ക് ദൈവത്തെ കുറിച്ച് ഒരു നല്ല അറിവും, ജനത്തിന്റെ നിലനില്പിനായിട്ട് ഒരു മദ്ധ്യസ്ഥൻ മനുഷ്യർക്കു ദൈവത്തിനു ഇടയിൽ നിൽക്കുവാൻ വേണ്ടി കർത്താവ് ക്ഷണിച്ചിരിക്കുമ്പോൾ, മദ്ധ്യസ്ഥനായിട്ട് ദൈവം നിർത്തിയിരിക്കുന്ന വ്യക്തിയെ കുറിച്ചുള്ള ദൈവഹിതം എന്താണെന്ന് അറിയാമോ? ആവർത്തന 9-ാം അദ്ധ്യായം 10ാം വാക്യത്തിൽ മോശെ വിവരിച്ചിരിക്കുകയാണ് ദൈവജനത്തോട് അവൻ ദൈവത്തിന്റെ അടുക്കലേയ്ക്കു ചെന്നു, അവിടെ നാല്പതു രാവും നാല്പതുപകലും അങ്ങനെ രണ്ട് പ്രാവശ്യം ജനത്തിനായിട്ടു മോശെ ദൈവസന്നിധിയിൽ അപേക്ഷിക്കുകയാണ്. ദൈവം മോശെയോടു പറഞ്ഞു ഞാൻ നിന്റെ ജനത്തെ നശിപ്പിക്കുവാൻ പോകുകയാണ്, കാരണം അവരുടെ പാപം. എന്നാൽ ദൈവപുരുഷനായ മോശെ കർത്താവിന്റെ മുമ്പാകെ ജനത്തിനുവേണ്ടി കരഞ്ഞു പ്രാർത്ഥിക്കുകയാണ്, അപേക്ഷിക്കുകയാണ്. അവന്റെ ഹൃദയത്തിലെ തന്റെ ജനത്തോടുള്ള ആഗ്രഹവും താലപര്യവും കണ്ട് കർത്താവ് അവരോടു പറഞ്ഞു ഞാൻ അവരെ നശിപ്പിക്കുകയില്ല.

(ശേഷം അടുത്തലക്കം)

(2-ാംപേജിന്റെ തുടർച്ച)

ദൈവത്തോടുകൂടെ പ്രഭാതം

ക്ഷണിക്കുന്നത് അകത്ത് കടന്ന് വാതിൽ അടയ്ക്കുവാൻ.

വളരെ അടുത്ത്, പ്രഭാത പ്രാർത്ഥനയിൽ നമ്മുടെ ആത്മീക ജീവിതം ദൈവസന്നിധിയിൽ ശോധന ചെയ്യപ്പെടുകയും, ശക്തിപ്പെടുകയുമാണ് ചെയ്യുന്നത്. ഈ യുദ്ധകളത്തിലാണ് ഓരോ ദിവസവും നിർണ്ണയിക്കപ്പെടുന്നത്. എല്ലാ കാര്യങ്ങളിലും ദൈവം ആണോ അതോ നമ്മുടെ ജീവിതം പൂർണ്ണമായ അനുസരണത്തിലാണോ എന്ന്. ഇവിടെ നമ്മൾ ജയിക്കുന്നവരാണെങ്കിൽ, എല്ലാത്തിനേയും പൂർണ്ണമായി ഒഴിവാക്കിയിട്ട് കർത്തൃകരങ്ങളിൽ പൂർണ്ണമായിട്ട് സമർപ്പിക്കപ്പെടുന്നവരായിട്ടാണ് നാം എങ്കിൽ തീർച്ചയായിട്ടും അന്ന് വളരെ വിജയം അനുഭവിക്കുവാൻ കർത്താവ് സഹായിക്കും. തീർച്ചയായിട്ട് ആ പ്രാർത്ഥന മുറിയാണ് തെളിയിക്കുന്നത്. നമ്മൾ നല്ല വണ്ണം ദൈവസന്നിധിയിൽ സന്തോഷിക്കുന്നവരാണോ എന്നും നമ്മെ മുഴു ഹൃദയത്തോടെ അവനെ സ്നേഹിക്കുന്നവരാക്കി തീർക്കുന്നതും.

നമ്മുടെ ധ്യാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട വസ്തുത എന്നത് ദൈവസാന്നിദ്ധ്യം നമ്മൾക്ക് അനുഭവിക്കുവാൻ സാധിക്കുന്നുണ്ടോ എന്നുള്ളതാണ്: കർത്താവിനെ കാണുവാൻ, നമ്മൾ അവനെ പ്രസാദിപ്പിക്കുന്നവരാണെന്ന് നമ്മൾ അറിയുവൻ, നമ്മുടെ ആവശ്യങ്ങളിൽ അവിടുന്നു പ്രവർത്തിക്കുവാനും, അവന്റെ കരങ്ങളെ നമ്മളിൽ വച്ച് നമ്മെ അനുഗ്രഹിച്ച് ആശീർവദിക്കുന്നതിനു ഈ ബലത്തോടെ പോകുവാൻ നമ്മോടു പറയുന്നതിനുമായിട്ട്, ഓരോ പ്രഭാത പ്രാർത്ഥനകളിലും ഇതാണ് നമ്മളിൽ സംഭവിക്കേണ്ടതിന് നമ്മുടെ ആത്മാവ് പഠിക്കുമ്പോഴാണ്, നമ്മൾ അതിനായിട്ട് അധികമായിട്ട് വാഞ്ചിച്ചും പോകുന്നതും അതിൽ കൂടുതൽ സന്തോഷം കണ്ടെത്തുന്നതും.

ബൈബിൾ വായിക്കുക

ഇങ്ങനെ നമ്മൾ മുന്നോട്ട് ചിന്തിച്ച് പോകുമ്പോൾ വചന ധ്യാനത്തെകുറിച്ചുള്ള ഒന്നിൽ കൂടുതലുള്ള ചില കാര്യങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിലേയ്ക്കു കൊണ്ടുവരട്ടെ.

ഒന്നാമതായിട്ടു നമ്മൾ അജ്ഞരാണെങ്കിൽ എന്താണ് വേദവചനം നമ്മോടു പറയുന്നതെങ്കിൽ അത് ഒരു പക്ഷേ നമ്മെ ദൈവസന്നിധിയിൽ നിന്ന് അകറ്റി മാറ്റുവാനും അങ്ങനെ നാം അവന്റെ മുന്നിൽ നിന്ന് ഓടി മറയുവാനും സംഗതിവരുത്തും. നമ്മുടെ മനസ്സ് ഒരു പക്ഷെ നമ്മെ സന്തോഷിപ്പിക്കുന്നതും, അതിൽ താല്പര്യപ്പെടുത്തുന്നതും ഒക്കെ ആയിരിക്കാം നമ്മുടെ ജീവിതത്തിൽ വന്നു ഭവിച്ചേക്കാവുന്ന കാര്യങ്ങൾ, എന്തുകൊണ്ടെന്നാൽ ഇതെല്ലാം മനുഷ്യന്റെ മാനുഷിക ബുദ്ധയുടേതാണ്. അല്ലാതെ ഒന്നും അല്ല. ഇത് തല്ക്കാലം ചില നന്മകൾ നമ്മുടെ ജീവിതങ്ങളിൽ കൊണ്ടു വന്നേക്കാം. ഇത് ഒന്നും നമ്മെ കർത്താവിന്റെ സന്നിധിയിൽ വളരെ ക്ഷമയോടുകൂടി, കാത്തിരിക്കുവാൻ സഹായകമല്ല. അവന്റെ നാമത്തെ മഹത്വീകരിക്കപ്പെടുന്നതിനും ദൈവസന്നിധിയിൽ നിന്നുള്ള മാധുര്യമേറിയ കൃപയും ശക്തിയും നമ്മൾ പ്രാപിക്കുന്നതിനും ഇത് എല്ലാം നന്മ യ്ക്കു പകരം ഒരു തടസ്സമായി മാറുകയും ചെയ്യും.

2. അടുത്ത ഒരു പാഠം എന്നത് വളരെ സാധാരണയായിട്ടും, വളരെ ധൃതിയിലുമുള്ള ഒരു വേദപചനം ധ്യാനം എന്നുള്ളതല്ല, പ്രത്യുത പരിശു

(ശേഷം 8-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ദൈവത്തോടുകൂടെ പ്രഭാതം

ദ്ധാത്മാവിന്റെ സഹായത്തോടുകൂടി വേദഭാഗങ്ങൾ ധ്യാനിക്കുമ്പോൾ വളരെ ശക്തിയായതു വ്യക്തമായതുമായ വേദവചനത്തിന്റെ അർത്ഥങ്ങൾ മനസ്സിലാക്കുവാൻ നമുക്ക് സാധിക്കും. ആ അർത്ഥത്തോടുകൂടിയ വേദവചനങ്ങൾ നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുകയും അന്ന് നമ്മളിൽ പ്രവർത്തിക്കുകയും ചെയ്യും. സ്വർഗ്ഗത്തിലെ നമ്മുടെ പിതാവ്, സ്വർഗ്ഗത്തിൽ നിന്ന് നമുക്ക് ദൈവീക രഹസ്യങ്ങൾ നിറയപ്പെട്ട വേദസന്ദേശങ്ങൾ നല്കി തരുന്നു. പരിശുദ്ധാത്മാവ് അതിന്റെയെല്ലാം ശരിയായ അർത്ഥങ്ങൾ നമുക്ക് പഠിപ്പിച്ച് തരുകയും ചെയ്യുന്നു. പിതാവ് എല്ലായ്പ്പോഴും ആഗ്രഹിക്കുന്നത് നമ്മൾ അവിടത്തോടെ ആവശ്യപ്പെടുകയും അങ്ങനെ പരിശുദ്ധാത്മാവിനാൽ നമുക്ക് പഠിപ്പിച്ച് തരുകയും ചെയ്യുവാനാണ്. അവൻ ആഗ്രഹിക്കുന്നത് നമ്മൾ വിനയത്തോടുകൂടി അവിടുത്തെ സന്നിധിയിൽ കുമ്പിടുവാനും, പരിശുദ്ധാത്മാവിനാലുള്ള പഠിപ്പിക്കലിൽ താല്പര്യം ഉള്ളവരായിട്ട് തീരുവാനും അവിടുത്തെ ആത്മാവ് തന്റെ വചനങ്ങളിൽ കൂടി നമ്മെ ജീവിപ്പിക്കുന്ന ഹൃദയത്തിന്റെ ആഴങ്ങളിൽ ശക്തിയോട് അതു പ്രർത്തിക്കേണ്ടതിന് ആകുന്നു.

അവൻ ആഗ്രഹിക്കുന്നത് നമ്മൾ ഓർമ്മയുള്ളവരായിരിക്കണം പരിശുദ്ധാത്മാവിനാൽ നമ്മൾ നയിക്കപ്പെടുന്നവരായിരിക്കണമെന്ന്, അവന്റെ പിന്നാലെ നടക്കുന്നവരായിരിക്കണം. നമ്മുടെ മുഴുവൻ ജീവിതവും അവന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കേണം എന്നതും. അതുകൊണ്ട് ഓർത്തിരിക്കുക പ്രഭാത പ്രാർത്ഥനകളിൽ നമ്മെ പൂർണ്ണമായിട്ടു അവന്റെ കരങ്ങളിലേയ്ക്കു നമ്മുടെ ജീവിതം സമർപ്പിച്ചുകൊടുത്തില്ലെങ്കിൽ നമുക്കായിട്ട് അവന് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്ന്. അങ്ങനെ നമ്മൾ ഇപ്രകാരം ചെയ്യുകയും ക്ഷമയോടെ അവനായിട്ട് കാത്തിരിക്കുന്നവരാണെങ്കിൽ, ഒരിക്കലും യാതൊരു പുതിയ ചിന്തകളും നമ്മളിലേക്ക് കടന്നു വരികയില്ല, പ്രത്യുത ദൈവവചനത്തിന്റെ ശക്തി നമ്മുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുവാൻ തുടങ്ങും. നമുക്ക് അവന്റെ പഠിപ്പിക്കലുകൾ ഓരോന്നായിട്ട് എണ്ണിതിട്ടപ്പെടുത്തുവാനും സാധിക്കും.

അവന്റെ പാഠശാലയിലേക്ക് നമുക്ക് അടുത്ത് വരാം. ഓരോ പ്രഭാത പ്രാർത്ഥനകളും വേദവചനം ആഴത്തിൽ പഠിക്കുന്നതിനുള്ള മണിക്കൂറുകൾ ആയിതീരട്ടെ. അങ്ങനെ നിങ്ങളുടെ മുഴുവൻ ആശ്രയത്വവും സമർപ്പണവും പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലുകളിൽ തന്നെയാണ് എന്ന് കർത്താവ് തന്നെ തെളിയിക്കുകയും ചെയ്യും.

3. മൂന്നാമതായിട്ട് ഞാൻ നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുന്ന വിഷയം: ദൈവവചനം ധ്യാനിക്കുമ്പോൾ അതിനെ അനുസരിക്കണം. താങ്കൾക്ക് അറിവുള്ളതുപോലെ നമ്മുടെ യേശു കർത്താവും അവിടുത്തെ അപ്പോസ്തലന്മാരും പഠിപ്പിച്ചപ്പോഴും പ്രത്യേകിച്ച് ലേഖനങ്ങളിൽ ആദിയോടന്തം കാണുന്നു. എല്ലാം കേൾക്കുന്നു, പക്ഷേ അത് പ്രവർത്തിക്കുന്നില്ല. താങ്കൾ ഒരു ആത്മാർത്ഥത ഇല്ലാതെയും വ്യക്തമായ ഉദ്ദേശ്യത്തോടെ അല്ലാതെയുമാണ് നമ്മുടെ വേദവചന പഠനമെങ്കിൽ നമ്മൾ കഠിന ഹൃദയം ഉള്ളവരായിട്ട് അനുസരണക്കേടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഒരിക്കലും താങ്കളെ തന്നേ പൂർണ്ണമായിട്ടും കർത്താവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ച് കൊടുക്കാതെ തിരുവചന പഠനം/ ധ്യാനത്തിൽ പ്രവേശിക്കരുത്. അവന്റെ കൃപയ്ക്കായിട്ട് യാചിക്കുക. ദൈവവചനം നമുക്ക് നല്കിയിരിക്കുന്നത് എന്താണ് കർത്താവ് നമുക്കായിട്ട് ചെയ്യുവാൻ പോകുന്നതെന്ന് നമ്മൾ അറിയുവാൻ വേണ്ടിയാണ്. അതുപോലെ അവിടുത്തെ കൃപ നമുക്ക് നല്കുന്നതിൽ കൂടി നമ്മെ അത് എപ്രകാരം നമ്മെ ശക്തരാക്കുന്നു എന്നും നമുക്ക് അനുഭവിച്ചറിയാൻ സാധിക്കുന്നു. ദൈവവചനം ഭക്തിയോടും ആത്മാർത്ഥതയോടുകൂടി വായിച്ച് അത് അനുസരിക്കാതെ നടക്കുന്ന സ്വഭാവം എത്ര ദു:ഖകരമാണ്! ആയിതനാൽ നമുക്ക് ഇത് ഒരു വിശുദ്ധ സ്വഭാവം ആക്കിതീർത്തിട്ടേ കർത്താവിനോട് ഇപ്രകാരം പറയാം. ഞങ്ങളുടെ കർത്താവേ, എനിക്ക് അറിയാവുന്ന അവിടുത്തെ ഇഷ്ടങ്ങൾ എല്ലാം ഞാൻ അതെല്ലാം ഇപ്പോൾ തന്നെ അനുസരിക്കും. ദൈവവചനം എന്നും അധികം സമർപ്പണത്തോടെയും അനുസരണമനോഭാവത്തോടെയും ധ്യാനിക്കാം.

4. അടുത്തതായിട്ട് ദൈവവചനം ധ്യാനിക്കുമ്പോൾ നമ്മുടെ ഹൃദയത്തന്റെ ആഴങ്ങളിൽ നിന്ന് അവിടുത്തെ ഹിതം എന്താണെന്ന് അറിയുവാൻ ഉള്ള ആഴമേറിയ ആഗ്രഹത്തോടെ വായിക്കാം. ചിലപ്പോൾ ചില ബുദ്ധിമുട്ടേറിയ കാര്യങ്ങൾ വന്നേക്കാം. ചില കല്പനകൾക്ക് അലപം കൂടി പോയി എന്നു ചിന്തിച്ചേക്കാം. അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക കാര്യങ്ങളിൽ അതു നടത്തുവാൻ കർത്താവിന്റെ കരങ്ങൾ അതിൽ എങ്ങനെ ഇടപ്പെട്ടുവെന്ന് നമ്മൾ കണ്ടേക്കാം. ഇതിൽ കൂടിയെല്ലാം നമ്മളെ ദൈവവചനം ചില കാര്യങ്ങൾ പഠിപ്പിക്കുകയാണ്. ഒരിക്കലും ചിന്തിക്കരുത്. ദൈവവചനം ആണ് ലോകത്തിലെ ഇതര ഗ്രന്ഥങ്ങളിൽ വച്ച് വായിക്കുവാൻ വളരെ ലളിതവും, വളരെ പ്രോത്സാഹിപ്പിക്കുന്നതു അനുഗ്രഹങ്ങൾ വർഷിപ്പിക്കുന്നതെന്നും എന്നാൽ വേദവചനം, താങ്കൾ ഇതിനെ ലളിതം എന്നോ ബുദ്ധിമുട്ടേറിയതെന്നോ പറഞ്ഞുകൊള്ളും. എന്നാൽ ഇതാണ് താങ്കളെ ദൈവത്തിങ്കലേയ്ക്കു തീർച്ചയായിട്ടു നയിക്കുന്നത്.

ദൈവം താങ്കളോട് നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിനു യോഗ്യമാകുംവണ്ണം നടന്നു ആത്മീകമായ സകല ജ്ഞാനത്തിലുംവിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരേണം (കൊലൊ. 1:9). വളരെ വേഗത്തിൽ തന്നേ ഈ അത്ഭുതമേറിയ പ്രവർത്തികൾ ചെയ് തിരിക്കുന്നു. ഇത് ഓർക്കുക, നിങ്ങളോട് കർത്താവ് ഒരു പ്രവൃത്തി ചെയ്യണം എന്നു പറഞ്ഞപ്പോൾ അതിനുള്ള ദൈവകൃപയും താങ്കൾക്ക് നല്കിയിരിക്കുകയാണ്. ഇവിടെ ഒരു കാര്യം മാത്രം നമ്മൾ അറിഞ്ഞിരുന്നാൽ മതി ദൈവഹിതം നമ്മൾ മനസ്സിലാക്കി ചെയ്യുമ്പോൾ സമയാസമയങ്ങളിൽ ഓരോ പ്രവൃത്തികളിലും കർത്താവിന്റെ വെളിപ്പാടുകൾ കൂടുതലായിട്ട് നമുക്ക് നല്കി തരും. അങ്ങനെ അവിടുത്തെ പ്രവർത്തികൾ നമ്മളിൽ കൂടി വിജയകരമായിട്ട് ചെയ്യുവാൻ സാധിക്കും.

ഭക്തൻ പ്രഭാതപ്രാർത്ഥനയ്ക്കായിട്ട് തീരുമാനമെടുത്തു ദൈവത്തിന്റെ സന്നിധിയിൽ കടന്നുവരുമ്പോൾ അവിടെ എന്തൊരു ശക്തിയാണ് അവൻ അനുഭവിക്കപ്പെടുന്നത്! വളരെ അനുസരണമുള്ളവനായിട്ട് കർത്താവിന്റെ പാദത്തിങ്കലേയ്ക്കു നമ്മെ തന്നേ വീണ്ടും സമർപ്പിച്ച് കൊടുക്കുമ്പോൾ, വളരെ വിനയത്തോടും ക്ഷമയോടുകൂടി പരിശുദ്ധാത്മവിന് നമ്മോടു സംസാരിക്കുവാനുള്ള കാര്യങ്ങൾ ദൈവത്തിൽ പ്രതീക്ഷിച്ചുകൊണ്ട് നാം ആയിരിക്കുമ്പോൾ കർത്താവിന്റെ എല്ലാ വാഗ്ദത്തങ്ങളും നമ്മൾ പ്രാപിക്കുകയും അത് ഒരിക്കലും പരാജയപ്പെടാതെ നമ്മളിൽ സംഭവിക്കുമെന്നുള്ള കാര്യവും സത്യവുമാണ്.

പ്രാർത്ഥന

ഈ പറയപ്പെട്ട എല്ലാ ചിന്തകളുടെയും അടിസ്ഥാനത്തിൽ പ്രാർത്ഥന എന്നാൽ എന്താണെന്നുള്ള ചില കാര്യങ്ങൾ കൂടി ഞാൻ താങ്കളുടെ മുന്നിലേയ്ക്കു കൊണ്ടുവരട്ടെ.

1. ഒന്നാമതായിട്ട്, പ്രാർത്ഥനയിൽ കൂടിയാണ് താങ്കൾക്ക്

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ദൈവത്തോടുകൂടെ പ്രഭാതം

കാണാൻ സാധിക്കുന്നത്. താങ്കൾ ദൈവത്താൽ സുരക്ഷിതനാണെന്ന്. ദൈവമുഖം ദർശിക്കുന്നതിനെക്കാൾ അധികമായിട്ട് വേറെയാതൊന്നിലും യാതൊരു കാരണവശാലും ശ്രദ്ധാലു ആകരുത്. സനേഹത്തോടെ അവന്റെ നിന്നിലുള്ള നോട്ടം തന്നെ അവിടുന്നുള്ള വാഗ്ദത്തങ്ങളുടെ അടിസ്ഥാനത്തിലാണ്, സ്നേഹത്തോടെയാണ് അവൻ നിന്നെ ശ്രവിക്കുന്നതു നിനക്കുവേണ്ടി പ്രവർത്തിക്കുന്നത്.

താങ്കളുടെ ദൈനംദിന ജീവിതം മുഴുവനായിട്ടും ദൈവഹിതപ്രകാരം ആണെങ്കിൽ, പ്രഭാത പ്രാർത്ഥനകളിൽ ദൈവത്തിന്റെ മുദ്രവെച്ച സ്റ്റാമ്പു താങ്കളുടെ ദിവസത്തിന്റെ പ്രഭാതം മുതൽ പ്രദോഷം വരെയും എത്രയോ ധന്യനായി അനുഗ്രഹിച്ച് ആശീർവദിച്ചാണ് താങ്കളുടെ ജീവിതം കർത്താവ് നയിക്കുന്നത്. നമ്മുടെ ആത്മീക ജീവിതത്തിൽ ദൈവത്തേക്കാൾ അധികമായിട്ടു ഒന്നും തന്നെ നമ്മൾ ആഗ്രഹിച്ച് പോകരുത്. അവന്റെ സ്നേഹം, അവന്റെ ശക്തിയോടുള്ള നമുക്കായിട്ടുള്ള പ്രവർത്തനങ്ങൾ. ആകാശത്തിൻ കീഴിൽ ഇത് നമുക്ക് അനുഭവിക്കുവാൻ വ്യക്തിപരമായി ഏറ്റവും അടുത്ത് കർത്താവുമായിട്ടുള്ള ആത്മീക കൂട്ടായ്മയിൽ കൂടി മാത്രമേ സാധ്യമാകൂ. അല്ലാതെ വേറൊരു വഴിയും ഇല്ല. പ്രഭാത പ്രാർത്ഥനകളിൽ ദൈവീക നന്മകളും സുരക്ഷിതത്വും അനുഭവിക്കുവാൻ ലഭിക്കുന്നതിനേക്കാൾ മെച്ചമായ വേറെ സമയങ്ങൾ നമുക്ക് ലഭിക്കുന്നില്ല.

ദൈവവുമായിട്ടുള്ള നമ്മുടെ ഈ ചെറിയ കൂട്ടായ്മകളിൽ കൂടിയാണ് നമ്മൾ അനുഭവിക്കുന്ന പ്രത്യേകതകളും ക്ഷീണങ്ങളുമെല്ലാം വളരെ ആസ്വാദകരമായി നമുക്ക് തീരുന്നത്. ദൈവം തന്നെയാണ് നമ്മൾ ഇന്ന് അനുഭവിക്കുന്ന സകല സ്നേഹത്തിന്റെയും നന്മയുടെയും സന്തോഷത്തിന്റെയും ഉറവിടം എന്നുള്ളത് സത്യവുമാണെങ്കിൽ, സാധിക്കുന്നതത്രയും അവിടുത്തെ സാന്നിധ്യവും കൂട്ടായ്മകളും സമ്മതവും, താല്പര്യങ്ങളും ശുശ്രൂഷകളും എല്ലാം നമുക്ക് ഏറ്റവും സത്യവും ഏറ്റവും സന്തോഷകരവും ആയി തീരുകയാണ്. അതുകൊണ്ട് പ്രഭാതം പുലരുമ്പോൾ ആദ്യം തന്നെ അവിടുത്തെ മുഖം ദർശനത്തിനായിട്ട് തിരുമുമ്പിൽ നമ്മൾ അണയണം. ഇതായിരിക്കണം നമ്മുടെ ഏറ്റവും വലിയ ആവശ്യം.

2. രണ്ടാമതായിട്ട് , താങ്കളുടെ അനുസരണമനോഭാവം ആ ദിവസത്തിന്റെ ആരംഭത്തിലെ ഏറ്റവും മുഖ്യമായ ഒരു ഭാഗമായിട്ട് തീരട്ടെ പ്രഭാത പ്രാർത്ഥനയ്ക്കായിട്ട് അതു യാഗമായിതീരട്ടെ.

ദൈവത്തെ ദു:ഖിപ്പിക്കുന്നതു അവിടുത്തെ സന്നിധിയിൽ നിന്ന് നമ്മെ പറിച്ച് ദൂരെ മാറ്റിയേക്കാവുന്നതു, മുറിച്ച് മാറ്റി മാറ്റി ദൈവത്തിൽ നിന്ന് നമ്മെ വേർപ്പെടുത്തിയേക്കാവുന്നതുമായ എല്ലാ തെറ്റുകുറ്റങ്ങളും പാപങ്ങളുമെല്ലാം തന്നേ തീർച്ചയായിട്ട് കർത്താവിന്റെ സന്നിധിയിൽ കടന്ന് വന്നിട്ട് പശ്ചാത്തപിച്ച് അതിൽ നിന്നെല്ലാം പാപവിമോചനം തീർച്ചയായിട്ടു നേടിയിരിക്കണം. തീർച്ചയായിട്ട് നമുക്ക് ഒരു വിശുദ്ധ പാതകളിൽ നടക്കുവാൻ വിശ്വാസത്തോട് കൂടി നമ്മൾ കർത്താവിനോട് പ്രാർത്ഥിക്കുകയും അവിടുന്നുള്ള കൃപ നമ്മുടെ മേൽ പകരുകയും ചെയ്തു. നമ്മെ ശക്തീകരിച്ച് മുന്നോട്ടു നയിക്കപ്പെടുന്നതിന് വളരെ ആവശ്യമാണ്. എല്ലാ ദിവസവും നമ്മുടെ കാഴ്ചപാടുകൾ എല്ലാം തന്നേ ദൈവീക വാഗ്ദത്തങ്ങളിൽ നമ്മൾ പൂർണ്ണമായിട്ട് അനുസരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ദൈവത്തിന്റെ സ്നേഹവും അനുഗ്രഹവും നമുക്ക് അനുഭവിക്കണമെങ്കിൽ അതിന് വേറൊരു മാർഗ്ഗവുമില്ല. ദൈവഹിതം നമ്മൾ നടപ്പിലാക്കും എന്നതല്ലാതെ പ്രാർത്ഥനയിൽ നമ്മൾക്കല്ല സ്ഥാനം നമ്മിൽ ദൈവഹിതം/ പദ്ധതികൾക്കാണ് സ്ഥാനം. ഇത് നമ്മൾ അവിടത്തോട് ചോദിക്കുന്നതിലും അപ്പുറം ആണ്. കർത്താവിന്റെ ഈ വലിയ കൃപ നമ്മളെ കാണിക്കേണ്ടതിനായിട്ട് നമ്മൾ അവിടത്തോട് യാചിക്കണം. അ പ്പോൾ അവിടുന്ന് നമുക്ക് നൽകി തരുകയും അങ്ങനെ അന്റെ ഹിതത്തിൽ നമ്മൾ പ്രവേശിക്കപ്പെടുകയും അവനിൽ വസിക്കുവാനും കഴിയും. അവന്റെ ഹിതം നിങ്ങൾക്ക് അറിയുവാനും നിങ്ങളിൽ സംഭവിക്കുവാനും അങ്ങനെ നിങ്ങളുടെ ജീവിതം തീർച്ചയായിട്ട് അനുഗ്രഹ കരമായിട്ട് തീരും. താങ്കളുടെ പ്രാർത്ഥന ഒരു പ്രഭാത യാഗമായിട്ട് തീരട്ടെ. ദൈവത്തിന്റെ അൽത്താരയിൽ നമ്മൾ ഓരോരുത്തരും ഒരു ദഹനയാഗമായിട്ട് തീരട്ടെ. ദൈവത്തെ അനുസരിച്ചുള്ള നമ്മുടെ സമർപ്പണത്തിന്റെ അളവ് അത് ദൈവത്തിലുള്ള നമ്മുടെ ആത്മവിശ്വാസത്തിന്റെ അളവായിട്ട് മാറ്റപ്പെടുന്നു.

3. മൂന്നാമതായിട്ട് ശരിയായ പ്രാർത്ഥനയും ദൈവവും ആയിട്ടുള്ള നമ്മുടെ കൂട്ടായ്മയും മാത്രം പോരാ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ. നമ്മൾ വളരെ ക്ഷമയോടുകൂടി കർത്താവിൽ നിന്നു ശ്രവിക്കുവാനും തയ്യാറാകണം. നമ്മൾക്കായിട്ടുള്ള ദൈവശബ്ദം വരുന്നത് പരിശുദ്ധാത്മാവിനാൽ ആണ്. അവന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ മറയപ്പെട്ട് കിടക്കുന്ന അതെല്ലാം നമുക്ക് ഒരു രഹസ്യമായിട്ട് അവൻ കൈമാറുകയും അങ്ങനെ ശ്രവിക്കുവാനും സാധിക്കും. അങ്ങനെ നമുക്ക് മനസ്സിലാക്കാം നാം കർത്താവിനെ സന്തോഷിപ്പിക്കുന്നവരാണെന്നു സ്വർഗ്ഗസ്ഥനായ നമ്മു ടെ പിതാവ് അത് എന്താണോ അവന്റെ നാമത്തിൽ യാചിച്ചത് അത് നല്കി തരുകയും ചെയ്യും എന്നത്. എന്ത് ശബ്ദമാണ് നാം ശ്രവിക്കേണ്ടത് അത് കർത്താവിന്റെ വാഗ്ദത്തങ്ങൾ ആയിരിക്കണം നമ്മൾ സ്വീകരിക്കേണ്ടതു നിശബ്ദമായിട്ട് നമ്മൾ കർത്താവിനായിട്ട് കാത്തിരിക്കേണം, നല്ല ശുഭ വിശ്വാസത്തോടുകൂടി നമ്മൾ ദൈവത്തിൽ ആശ്രയിക്കണം, ദൈവത്തിന്റെ മുമ്പാകെ നാം ശൂന്യത അനുഭവിക്കുന്നവരായിട്ടും എളിമയുടെ ഒരു ഹൃദയത്തോടു കൂടി നമ്മൾ അവനിൽ ആശ്രയിക്കുകയും അങ്ങനെ നമ്മുടെ മുഴുവൻ ജീവന്റെയും നായകനായിട്ട് അവിടുന്ന് മാറുകയും ചെയ്യണം.

4. ഇപ്പോൾ നാം ആയിരിക്കുന്നതു അവാസനത്തേതു ഏറ്റും പ്രധാനപ്പെട്ടതിലും ആണ്. നമ്മുടെ പ്രാർത്ഥന ഒരു യഥാർത്ഥ മദ്ധ്യസ്ഥത പ്രാർത്ഥനയായി തീരട്ടെ. മറ്റുള്ളവർക്കുവേണ്ടി. യേശുക്രിസ്തുവിനോടുള്ള നമ്മുടെ അനുസരണമനോഭാവത്താൽ, അവന്റെ പിതാവുമായിട്ടുള്ള എല്ലാ കൂട്ടായ്മകളുടേയും അടിസ്ഥാനത്തിൽ, ഏറ്റവും മുഖ്യമായത് ഇതായിരുന്നു മറ്റുള്ളവർക്കായിട്ടുള്ള മദ്ധ്യസ്ഥത.

പ്രാർത്ഥനയിൽ ഏറ്റവും ഉന്നതമായത് മദ്ധ്യസ്ഥത നടത്തുക എന്നതാണ്. അബ്രഹാമിനേയും യിസ്രായേലിനെയും നമ്മെ ദൈവം വിളിച്ച് വേർതിരിച്ചിരിക്കുന്നതിന്റെ ഏറ്റവും പ്രധാന ഉദ്ദേശ്യം എന്നുള്ളത് നമ്മെ ലോകത്തിന്റെ ഒരു അനുഗ്രഹം ആക്കി തീർക്കുക എന്നതാണ്. നമ്മൾ രാജകീയ. വിശുദ്ധ, പുരോഹിതവംശമാണ്. പ്രാർത്ഥനകൾ വ്യക്തിപരമായ ജീവിതത്തിന്റെ സന്തോഷത്തിനും ഉന്നതികൾക്കുമാത്രമാണ് ആയിരിക്കുന്നതെങ്കിൽ ഒരിക്കലും നമ്മൾക്ക് പ്രാർത്ഥനയുടെ ശരിയായ ശക്തി എന്താണെന്ന് തിരിച്ചറിയുവാൻ സാധിക്കുകയില്ല.

നമ്മുടെ മദ്ധ്യസ്ഥത പ്രാർത്ഥനകൾ നമ്മുടെ ചുറ്റുമുള്ള ആത്മാക്കളുടെ വിടുതലിനായിട്ടു രക്ഷയ്ക്കായിട്ടും മാറട്ടെ, തീർച്ചയായിട്ടും അവരുടെ പാപങ്ങളെ കുറിച്ചുള്ള ഒരു

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

ഉണർന്നിരിപ്പിൻ

അതുകൊണ്ടു ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.

ഗലാത്യയുടെയും എഫെസൊസിന്റെയും ലവോദിക്യയുടെയും പാപത്തിനെതിരായിട്ടു ഉണർന്നിരിപ്പിൻ. വിശ്വാസത്തിന്റെ ഈ കാലഘട്ടത്തിൽ നല്ലവണ്ണം ഓടുന്നുണ്ടായിരിക്കാം, പക്ഷേ ആദ്യ സ്നേഹം മറന്നാണ് ഓട്ടം, അങ്ങനെ മന്ദോഷ്ണമുള്ളവരായിതീരുന്നു. ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.

ഉണർന്നിരിപ്പിൻ കൂടുതലായിട്ടു

ഓ, എന്റെ വിശ്വാസികളായ വായനക്കാരെ, നമ്മൾ ഇതുവരെയും ചെയ്തിനെക്കാൾ അധികമായിട്ട് ഉണർന്നിരിക്കാം! ജീവിക്കുന്നു എല്ലാ വർഷങ്ങളിലും അധിക ജാഗ്രതയോടെ ഉണർന്നിരിക്കാം. പെട്ടെന്നുള്ള കർത്താവിന്റെ വരവിങ്കൽ അത്ഭുതപ്പെട്ടുപോകാതെ, ഭീതിയുള്ളവരായി തീരാതെ ഉണർന്നിരിക്കാം.

ലോകത്തിന്റെ രക്ഷ / വിടുതലിനായിട്ടു ഉണർന്നിരിക്കാം. അവർ സന്തോഷത്തോടെ വായിക്കുന്ന പുസ്തകങ്ങളാണ് നമ്മൾ. നമ്മൾ ചിന്തിക്കുന്നതിനെ അധികമായിട്ടു നമ്മുടെ എല്ലാ നടത്തങ്ങളും അവർ ശ്രദ്ധിക്കുന്നുണ്ട്. അവർ നമ്മളിൽ കൂടി ക്രിസ്തുവിനെ വളരെ വിശദമായിട്ടു വായിക്കട്ടെ!

നമ്മുടെ രക്ഷയ്ക്കായിട്ടു ഉണർന്നിരിപ്പിൻ. സന്തോഷത്തോടെ നമ്മൾ മുമ്പോട്ടു യാത്രചെയ്യാം. ക്രിസ്തുവും നമ്മുടെ മനസ്സുമായിട്ടുള്ള ആ ഏകീകരണത്തിലും കർത്താവിന്റെ പ്രായശ്ചിത്ത രക്തത്തെ കുറിച്ചുള്ള നല്ലബോധത്തിലുമായിരിക്കട്ടെ നമ്മുടെ ജീവിതം ഒരു മനുഷ്യൻ സൂര്യപ്രകാശത്തിൽ നടക്കുവാൻ താലപര്യപ്പെടുന്നില്ലെങ്കിൽ എങ്ങനെയാണ് അയാൾക്ക് ചൂട് ലഭിക്കുന്നത്?

ഇതിലെല്ലാം ഉപരിയായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷയ്ക്കായിട്ടു ഉണർന്നിരിപ്പിൻ. നമ്മൾ ഈ ഭൂമിയിൽ ജീവിക്കുമ്പോൾ കർത്താവിന്റെ മഹിമകണ്ട വിശ്വാസികളായിട്ടു ജീവിക്കാം. നമ്മുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും ആ രാജാവിനെ പ്രതിഫലിപ്പിച്ച് ഭയത്തോടെയും ആദരവോടു കൂടിയും ജീവിക്കാം. ജീവിതത്തിൽ സംഭവിച്ചേക്കാവുന്ന എല്ലാ ചെറിയ പാപങ്ങൾ പോലും കർത്താവിന്റെ തലയിലെ കിരീടത്തിൽ വേറെ ഒരു മുള്ള് ആയിട്ടും വേറെ ഒരു ആണിയായിട്ടു അവന്റെ കാലുകളിലും അവന്റെ വിലാപുറത്തുള്ള വേറൊരു കുന്തമായിട്ടും തീർന്നേയ്ക്കാം എന്ന ഭയത്തോടെ ആത്മഭാരത്തോടെയും കർത്താവിനെ ബഹുമാനിച്ചു സേവിക്കാം. ഓ, നമ്മുടെ ചിന്തകളിലും വാക്കിലും പ്രവൃത്തിയിലുമെല്ലാം കൂടുതൽ ലക്ഷ്യബോധത്തോടെയും പെരുമാറ്റരീതിയകളിൽ കൂടിയും നമ്മൾക്ക് നല്ല ഒരു നടത്തം ഉണ്ടാകട്ടെ. ഒരിക്കലും ഒരിക്കലും കൂടുതൽ കർശനമാണെന്നു ചിന്തിക്കരുത്. ഒരിക്കലും ഒരിക്കലും നമ്മൾ ഒത്തിരി ഉണർന്നിരിക്കണം എന്നു ചിന്തിക്കരുത്. ആരും പകുതിയിൽ കൂടുതൽ ഉറങ്ങുവാൻ പാടില്ല. ❖

(7-ാംപേജിന്റെ തുടർച്ച)

ദൈവത്തോടുകൂടെ പ്രഭാതം

ശരിയായ ആത്മ ഭാരത്തോടുകൂടിയ പ്രാർത്ഥനകളായിതീരട്ടെ, ദൈവരാജ്യത്തിന്റെ വിശാലതയ്ക്കായിട്ടുള്ള നമ്മുടെ ഒരു യാചന / അപേക്ഷയായിട്ട് മദ്ധ്യസ്ഥ പ്രാർത്ഥനകൾ മാറട്ടെ, ദൈവത്തിന്റെ യഥാർത്ഥ പദ്ധതി/ഉദ്ദേശ്യങ്ങൾ നടത്തുന്നതിനുള്ളതായി തീരട്ടെ. നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥനകൾ. പ്രഭാതം ഉള്ളതായി തീരട്ടെ.

ദൈവം തന്റെ ജനത്തെ വിളിച്ച് വേർതിരിച്ചിരിക്കുന്നത് അവരുടെ ഭൂമിയിലെ ജീവിതം അത്ഭുതകരമായി തീരുവാൻ വേണ്ടിയാണ്. സ്വർഗ്ഗീയവും അമാനുഷികവുമായ ഒരു ജീവിതത്തിനായിട്ടാണ്. അങ്ങനെ പ്രഭാത പ്രാർത്ഥനകളിൽ കൂടി സ്വർഗ്ഗത്തിന്റെ വാതിലുകൾ നമുക്കായിട്ട് തുറക്കപ്പെടുകയും അവിടുന്നുള്ള പ്രകാശവും ശക്തിയും സ്വീകരിച്ച് കൊണ്ട് നമ്മുടെ ഹൃദയത്തിൽ സന്തോഷവും പ്രത്യാശയും നിറയപ്പെട്ടവരായിട്ട് പ്രഭാത പ്രാർത്ഥനകൾ കഴിഞ്ഞ് ദിവസത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ദൈവത്തോട് കൂടെ നമുക്ക് നടക്കാം. ❖

(3-ാംപേജിന്റെ തുടർച്ച)

ജീവിതം വളരട്ടെ

ആകും" (യോഹ. 15:8).

ആത്മാവിന്റെ ഫലങ്ങൾ

എന്നാൽ എന്താണ് ആത്മാവിന്റെ ഫലമായി ശാഖകളിൽ കാണപ്പെടേണ്ടത്? ആത്മാവിന്റെ ഫലമോ; " സ്നേഹം, സന്തോഷം, സമാധാം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാ. 5:22,23).

ആത്മാവിന്റെ ഫലം എന്നാൽ കർത്താവിനെ കേന്ദ്രീകരിച്ച് പരസ്പരം പൊരുത്തപ്പെട്ട് ഒരുമയോട് പ്രവർത്തിക്കുന്നതാണിത്. ഇവിടെ ഒന്നും കുറയുന്നതുമില്ല, കൂടുന്നതും ഇല്ല. നല്ലവണ്ണം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഫലങ്ങൾ എന്നാണ് മിക്കപ്പോഴും പുറത്ത് കേട്ടിട്ടുള്ളത്. ഇത് ഒന്നിനെയാണ് സൂചിപ്പിക്കുന്നത്. ബാക്കിയുള്ള ഒമ്പതും കർത്താവിന്റെ കൃപകൾ വെളിപ്പെടുത്തുന്നതു ശരിക്കും കർത്താവിന്റെ മനോഹാരിത്വത്തെയാണ്. ക്രിസ്തുവിനെപ്പോലെ ആകുന്നതിന്റെ എന്നാൽ ചിലപ്പോഴൊക്കെയും ചില വിശാല ഹൃദയങ്ങളുടെ സ്നേഹം പെട്ടെന്നുള്ള മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ തകർക്കപ്പെട്ടതായും അവിടെ സ്നേഹത്തെ കാണാം. പക്ഷേ സ്വയം നിയന്ത്രിതമല്ലാത്തതുമാണ്. അല്ലെങ്കിൽ നമ്മൾ കാണാറുണ്ട് ചില വ്യക്തികൾ ഒക്കെയും യാതൊരുവിധ എതിർപ്പും കൂടാതെ കഷ്ടങ്ങൾ അനുഭവിക്കുന്നവരാണ് എന്നാൽ അവരുടെ മുഖങ്ങൾ കാണുമ്പോൾ അത് നീണ്ട മുഖം ഉള്ളവരാണെന്ന് കാണാൻ കഴിയും. കഷ്ടങ്ങളിൽ കൂടി പോകുവാൻ വളരെ തയ്യാറുള്ളവരാണ് എങ്കിലും അവരുടെ ജീവിതത്തിൽ യാതൊരു വിധവുമായ സന്തോഷം ഇല്ല. ചില ക്രിസ്ത്യാനികളാണെങ്കിൽ വിശ്വാസ വ്യക്തികളായി സ്വയം അഭിമാനിക്കാറുണ്ട്. പക്ഷെങ്കിൽ അവരുടെ ജീവിതങ്ങളിൽ യാതൊരു വിധമായ സൗമ്യതയുടെ സ്വഭാവം കാണുന്നില്ല. അവന്റെ പ്രദർശനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത് സീനായ് മലയിലെ ഇടിമുഴക്കം പോലെയാണ്. ഒരിക്കലും കാൽവറി കുരിശിലെ സ്നേഹം വെളിപ്പെടുത്തുന്നില്ല. തിരുവചനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ ജീവിതത്തിലെ വലിയ വിജയവും കാണിക്കുകയും എന്നാൽ അതിനെ ഒന്നിനെയും ആരാധ്യവിഷയമായിട്ട് കാണുകയില്ല. ചില സമയങ്ങളിൽ ചിലരുടെ ജീവിതങ്ങൾ നന്മകളുടെ പൂർത്തീകരണമായിട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതേ സമയം ആ നന്മകളെല്ലാം തന്നേ ദു:ഖങ്ങളും നിരാശകളാലും മൂടി മറയപ്പെട്ടതുമായിരിക്കാം. അവിടെ നന്മകൾ ഉണ്ട്, പക്ഷേ സമാധാനം ഒട്ടും തന്നെ ഇല്ലായിരിക്കാം. ഓ! എല്ലാ കൃപകളുടെയും ഗ്രഹങ്ങൾ അതിന്റെ ഭ്രമണപഥത്തിൽ കൂടി ചുറ്റികറങ്ങികൊണ്ടിരിക്കുമ്പോൾ തന്നെ അതിൽ ഒന്ന് നഷ്ടമാകുന്നത് വളരെ ദു:ഖകരമാണ്. ആത്മീക മണ്ഡലത്തിൽ ഈ ഒൻപതു കൃപകളും ഒരുമിച്ച് പ്രവർത്തിക്കുകയും ആകർണത്വം ആകുകയും അങ്ങനെ ലോകം കാണും നമ്മിൽ ക്രിസ്തു ജീവിക്കുന്നതായിട്ട്. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975